**എ.വൈ.ആർ**

അന്യരിൽ അവിഹിതം ആരോപിക്കുമ്പോൾ ഹനിക്കപ്പെടുന്നത് ആരോപിതരുടെ അഭിമാനമാണ്. ആരോപകന്റെ അഭിമാനത്തിനോ മറ്റു താൽപര്യങ്ങൾക്കോ കോട്ടമൊന്നും ഉണ്ടാകുന്നില്ല. എന്നാൽ ആരോപിതൻ ആരോപകന്റെ ഭാര്യയോ ഭർത്താവോ ആകുമ്പോൾ അവസ്ഥ വ്യത്യസ്തമാകുന്നു.



---

وَالَّذِينَ يَرْمُونَ أَزْوَاجَهُمْ وَلَمْ يَكُنْ لَهُمْ شُهَدَاءُ إِلَّا أَنْفُسُهُمْ فَشَهَادَةُ أَحَدِهِمْ أَرْبَعُ شَهَادَاتٍ بِاللَّهِ ۙ إِنَّهُ لَمِنَ الصَّادِقِينَ ﴿٦﴾

وَالْخَامِسَةُ أَنَّ لَعْنَتَ اللَّهِ عَلَيْهِ إِنْ كَانَ مِنَ الْكَاذِبِينَ ﴿٧﴾

وَيَدْرَأُ عَنْهَا الْعَذَابَ أَنْ تَشْهَدَ أَرْبَعَ شَهَادَاتٍ بِاللَّهِ ۙ إِنَّهُ لَمِنَ الْكَاذِبِينَ ﴿٨﴾

وَالْخَامِسَةَ أَنَّ غَضَبَ اللَّهِ عَلَيْهَا إِنْ كَانَ مِنَ الصَّادِقِينَ ﴿٩﴾

**6.** എന്നാൽ സ്വന്തം ഇണകളിൽ അവിഹിത വേഴ്ച ആരോപിക്കുകയും അതിനു തങ്ങളല്ലാതെ മറ്റു സാക്ഷികൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അവരിലൊരാളുടെ സാക്ഷ്യം, തന്റെ ആരോപണം സത്യമാണെന്ന് അല്ലാഹുവിൽ ആണയിട്ടുകൊണ്ട് നാലുവട്ടം സത്യം ചെയ്യലാകുന്നു.

**7.** അഞ്ചാംവട്ടം, താൻ പറയുന്നത് കള്ളമാണെങ്കിൽ തന്നിൽ ദൈവശാപം ഭവിച്ചുകൊള്ളട്ടെ എന്നും പറയണം.

**8.** അയാളുടെ ആരോപണം കള്ളമാണെന്ന് അല്ലാഹുവിൽ ആണയിട്ട് നാലു വട്ടം അവൾ സത്യം ചെയ്യുന്നത് അവളിൽനിന്ന് ശിക്ഷയെ തടയുന്നതാകുന്നു.

**9.** അഞ്ചാംവട്ടം അയാളുടെ ആരോപണം സത്യമാണെങ്കിൽ തന്നിൽ ദൈവശാപം ഭവിക്കട്ടെ എന്നും പറയണം.

**6-9**

وَالَّذِينَ يَرْمُونَ= (എന്നാൽ) ആരോപിക്കു(കയും)ന്നവർ

أَزْوَاجَهُمْ= അവരുടെ (സ്വന്തം) ഇണകളെ (ഭാര്യാഭർത്താക്കളിൽ അവിഹിത വേഴ്ച)

وَلَمْ يَكُنْ لَهُمْ= അവർക്ക് ഉണ്ടായില്ല (ഇല്ലാതിരിക്കുകയും) شُهَدَاءُ= (അതിന് മറ്റു) സാക്ഷികൾ

إِلَّا أَنْفُسُهُمْ= അവർ സ്വയം (തങ്ങൾ) അല്ലാതെ فَشَهَادَةُ أَحَدِهِمْ= അവരിൽ ഒരാളുടെ സാക്ഷ്യം

أَرْبَعُ شَهَادَاتٍ بِاللَّهِ= അല്ലാഹുവിൽ ആണയിട്ടുകൊണ്ട് നാലു സാക്ഷ്യം (നാലു വട്ടം സത്യം ചെയ്യൽ) ആകുന്നു

إِنَّهُ لَمِنَ الصَّادِقِينَ= എന്തെന്നാൽ അവൻ തീർച്ചയായും സത്യവാന്മാരിൽപെട്ടവനാണെന്ന് (തന്റെ ആരോപണം സത്യമാണെന്ന്)

وَالْخَامِسَةُ= അഞ്ചാ(ം വട്ടം)മത്തേത് أَنَّ لَعْنَتَ اللَّهِ عَلَيْهِ= തന്റെ മേൽ അല്ലാഹുവിന്റെ ശാപം ഭവിക്കട്ടെ (എന്നും പറയണം)

إِنْ كَانَ مِنَ الْكَاذِبِينَ= അവൻ കള്ളം പറയുന്നവരിൽ പെട്ടവനാണെങ്കിൽ (താൻ പറയുന്നത് കള്ളമാണെങ്കിൽ)

وَيَدْرَأُ عَنْهَا الْعَذَابَ= അവളിൽനിന്ന് ശിക്ഷയെ തടയുന്നതാകുന്നു
أَنْ تَشْهَدَ أَرْبَعَ شَهَادَاتٍ بِاللَّهِ= അവൾ അല്ലാഹുവിൽ ആണയിട്ട് നാലു സാക്ഷ്യം സാക്ഷിയാകൽ (നാലു വട്ടം സത്യം ചെയ്യൽ)
إِنَّهُ لَمِنَ الْكَاذِبِينَ= എന്തെന്നാൽ തീർച്ചയായും അയാൾ കള്ളം പറയുന്നവരിൽപെട്ടവനാണെന്ന് (അയാളുടെ ആരോപണം കള്ളമാണെന്ന്)
وَالْخَامِسَةَ= അഞ്ചാ(ം വട്ടം)മത്തേത്
أَنَّ غَضَبَ اللَّهِ عَلَيْهَا= അവളിൽ അല്ലാഹുവിന്റെ കോപം (തന്നിൽ ദൈവകോപം ഭവിച്ചുകൊള്ളട്ടെ എന്നും അവൾ പറയണം)
إِنْ كَانَ مِنَ الصَّادِقِينَ= അയാൾ സത്യവാന്മാരിൽപെട്ടവൻ (അയാളുടെ ആരോപണം സത്യം) ആണെങ്കിൽ

അന്യരിൽ വ്യഭിചാരം ആരോപിക്കുന്നതിന്റെ ഗർഹണീയതയും, അതു നിയമപരമാകാനുള്ള നിബന്ധനകളും നിബന്ധനകൾ പാലിക്കാതെ നടത്തുന്ന ആരോപണത്തിനുള്ള ശിക്ഷയുമാണ് മുകളിലെ സൂക്തങ്ങളിൽ വ്യക്തമാക്കിയത്. നിരപരാധികളുടെ അഭിമാനം സംരക്ഷിക്കപ്പെടുകയും അനാശാസ്യ നടപടികൾ സംബന്ധിച്ച വർത്തമാനങ്ങൾ സമൂഹത്തിൽ പ്രചരിക്കുന്നതും അതുവഴി അത്തരം നടപടികളോടുള്ള സമൂഹത്തിന്റെ അറപ്പും വെറുപ്പും ക്ഷയിച്ചുപോകുന്നതും തടയുകയാണ് ആ നിയമത്തിന്റെ മുഖ്യലക്ഷ്യം. അന്യരിൽ അവിഹിതം ആരോപിക്കുമ്പോൾ ഹനിക്കപ്പെടുന്നത് ആരോപിതരുടെ അഭിമാനമാണ്. ആരോപകന്റെ അഭിമാനത്തിനോ മറ്റു താൽപര്യങ്ങൾക്കോ കോട്ടമൊന്നും ഉണ്ടാകുന്നില്ല. എന്നാൽ ആരോപിതൻ ആരോപകന്റെ ഭാര്യയോ ഭർത്താവോ ആകുമ്പോൾ അവസ്ഥ വ്യത്യസ്തമാകുന്നു. സ്വന്തം ഭാര്യയുടെ/ഭർത്താവിന്റെ അവിഹിത വേഴ്ച നേരിൽ കണ്ടിട്ട് നാലു സാക്ഷികൾ ഇല്ലാത്തതിന്റെ പേരിൽ അതു കണ്ടില്ലെന്നു നടിക്കാനോ മറക്കാനോ പൊറുക്കാനോ അഭിമാനിയായ ഒരു ഭാര്യക്കും ഭർത്താവിനും കഴിയില്ല. കൂടാതെ, വ്യഭിചാരികളും സദാചാരനിഷ്ഠരും തമ്മിലുള്ള വിവാഹ ബന്ധത്തെ നേരത്തേ 3-ാം സൂക്തത്തിൽ വ്യക്തമായ ഭാഷയിൽ നിരുത്സാഹപ്പെടുത്തിയിട്ടുമുണ്ട്. അനാശാസ്യ നടപടികളിലേർപ്പെടുന്ന മ്ലേഛരായ സ്ത്രീ പുരുഷന്മാർ അത്തരം നടപടികളിലേർപ്പെടുന്ന സ്ത്രീ പുരുഷന്മാർക്കേ ചേരൂ എന്ന് വരുന്ന 26-ാം സൂക്തവും പ്രസ്താവിക്കുന്നുണ്ട്. അതിനുപുറമെ അവിഹിത വേഴ്ചയിലേർപ്പെടുന്നത് ഭാര്യയാണെങ്കിൽ അവിടെ പാതിവ്രത്യലംഘനവും അഭിമാന ക്ഷതവും കൂടാതെ വംശധ്വംസനം എന്ന മറ്റൊരു നികൃഷ്ടത കൂടിയുണ്ട്. പാതിവ്രത്യമില്ലാത്ത സ്ത്രീകൾ പലപ്പോഴും അന്യപുരുഷന്മാരുടെ കുഞ്ഞുങ്ങളെ പ്രസവിക്കുന്നു. ആ തന്തക്കുപിറക്കാത്ത കുട്ടികളെ ഭർത്താവിന്റെ സന്തതികളെന്ന് വാദിച്ച് അയാളുടെ ചെലവിലും സംരക്ഷണത്തിലും പോറ്റിവളർത്തുന്നു. ഇങ്ങനെ സ്വന്തം മക്കൾക്ക് ലഭിക്കേണ്ട സ്നേഹ പരിലാളനങ്ങളും ജീവിത ചെലവുകളും ദായധനവും വരെ ആരാന്റെ മക്കളാൽ തട്ടിയെടുക്കപ്പെടുന്നു.

വ്യഭിചാരാരോപണ നിയമം പരാമർശിക്കുന്ന 4,5 സൂക്തങ്ങൾ അവതരിച്ചപ്പോൾ തന്നെ പ്രവാചക ശിഷ്യന്മാർ ഈ വിഷയം ചർച്ചചെയ്തിരുന്നതായി നിവേദനമുണ്ട്: സഅ്ദുബ്നു ഉബാദ എന്ന സ്വഹാബി പറഞ്ഞുവത്രെ: 'ഞാൻ എന്റെ വീട്ടിൽ അങ്ങനെ കാണുകയാണെങ്കിൽ സാക്ഷികളെ തേടിപ്പോകാൻ നിൽക്കാതെ ജാരന്റെ കഥ കഴിക്കുകയായിരിക്കും ചെയ്യുക.' ഉവൈമിർ അജലാനി എന്ന അൻസ്വാരി പ്രവാചകനോടു പറഞ്ഞു: ''ഒരാൾ സ്വന്തം ഭാര്യയുടെ കൂടെ ഒരു അന്യപുരുഷൻ ശയിക്കുന്നതു കാണുകയും അതയാൾ പുറത്തു പറയുകയും ചെയ്താൽ നാലു സാക്ഷികളില്ലെങ്കിൽ അങ്ങ് അയാളെ വ്യാജ വ്യഭിചാരാരോപണത്തിന് ശിക്ഷിക്കും. അയാൾ സാക്ഷികളെ തേടി പോയാൽ ജാരൻ ആവശ്യം കഴിഞ്ഞ് സ്ഥലം വിട്ടിരിക്കും. ഭർത്താവ് ജാരനെ വധിച്ചാൽ അങ്ങ് അയാൾക്ക് വധശിക്ഷ വിധിക്കും. പക്ഷേ, അഭിമാനരോഷം കടിച്ചിറക്കിക്കൊണ്ട് അയാൾക്ക് എങ്ങനെ മൗനം പാലിക്കാൻ കഴിയും?!'' അധികം വൈകാതെ ഹിലാലുബ്നു ഉമയ്യ എന്ന പ്രവാചക ശിഷ്യൻ തന്റെ ഭാര്യയുടെ അവിഹിത വേഴ്ച നേരിൽ കണ്ടതായി പരാതിപ്പെട്ടുകൊണ്ട് പ്രവാചകനെ സമീപിച്ചു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ, സ്വന്തം കണ്ണുകൊണ്ട് കാണുകയും കാതുകൊണ്ട് കേൾക്കുകയും ചെയ്ത സത്യമാണ് ഞാൻ പറയുന്നത്.

എന്നെ ശിക്ഷാമുക്തനാക്കുന്ന ഒരു നിയമം അല്ലാഹു നൽകുമെന്ന് എനിക്കുറപ്പുണ്ട്.' ഈ സന്ദർഭത്തിലാണ് പ്രകൃത സൂക്തം അവതരിച്ചത് (ബുഖാരി, മുസ്‌ലിം, അഹ്മദ്, അബൂദാവൂദ്).

ഭാര്യയുടെ പരപുരുഷ ബന്ധം ബോധ്യപ്പെട്ടാൽ ഭർത്താവിന് അവളെ വിവാഹമോചനം ചെയ്യാം. അപ്പോൾ വിവാഹ മൂല്യത്തിനും ഇദ്ദാക്കാലത്തെ ചെലവിനും മതാഇന്നും അവൾക്കവകാശമുണ്ടായിരിക്കും. ഇതൊന്നും കൊടുക്കാതെ അവളെ ഒഴിവാക്കുകയും വ്യഭിചാര ശിക്ഷക്ക് വിധേയയാക്കുകയും ചെയ്യണമെന്ന് ഭർത്താവ് തീരുമാനിക്കുമ്പോഴാണ് ഈ സൂക്തം നിർദേശിച്ച നടപടി പ്രസക്തമാകുന്നത്. ഇതിന് സാങ്കേതികമായി 'ലിആൻ' (ശപിച്ചുപിരിയൽ) എന്നു പറയുന്നു. ലിആൻ ചെയ്യപ്പെടുന്നവൾക്ക് വിവാഹമൂല്യത്തിനു മാത്രമേ അവകാശമുള്ളൂ. ഇദ്ദാക്കാലത്തെ ചെലവിനും മതാഇന്നും അവകാശമില്ല. ത്വലാഖിലൂടെയാണ് പിരിഞ്ഞതെങ്കിൽ ഒരു ത്വലാഖിനു ശേഷം ആ സ്ത്രീയെ തിരിച്ചെടുക്കാം. രണ്ടാം ത്വലാഖിനു ശേഷവും തിരിച്ചെടുക്കാം. മൂന്നു ത്വലാഖും ചെയ്ത ശേഷമേ തിരിച്ചെടുക്കൽ അസാധ്യമാകൂ. ലിആനിലൂടെ വേർപിരിയുന്ന ദമ്പതികൾ എന്നെന്നേക്കുമായി വേർപെടുത്തപ്പെടുന്നു. ആരോപകൻ ആരോപണം പിൻവലിച്ചാലല്ലാതെ പിന്നീട് അവർക്ക് യോജിക്കാൻ അവസരമില്ല. ത്വലാഖ് ഭർത്താവിന് സ്വന്തം നിലയിൽ ചെയ്യാവുന്നതാണ്. 'ലിആൻ' ഔദ്യോഗിക ഖാദി അല്ലെങ്കിൽ ഇമാം മുഖേന മാത്രമേ സാധുവാകൂ. ദമ്പതികൾ വീട്ടിലിരുന്ന് സ്വകാര്യമായി നടത്തുന്ന 'ലിആൻ' അസാധുവാകുന്നു.

ഭാര്യക്കെതിരെ വ്യഭിചാരാരോപണം ഉന്നയിക്കുന്ന ഭർത്താവ് അക്കാര്യം അല്ലാഹുവിനെ സാക്ഷിയാക്കി നാലുവട്ടം സത്യം ചെയ്യുകയും അഞ്ചാംവട്ടം ദൈവശാപമർഥിക്കുകയും ചെയ്യാൻ വിസമ്മതിക്കുന്നുവെങ്കിൽ ദുരാരോപണത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്നതാകുന്നു. അയാൾ പറയുന്നത് കളവാണെന്ന് ഭാര്യ നാലുവട്ടം അല്ലാഹുവിനെ സാക്ഷിയാക്കി സത്യം ചെയ്യുകയും അഞ്ചാംവട്ടം ശാപമർഥിക്കുകയും ചെയ്താൽ അവൾ വ്യഭിചാര ശിക്ഷയിൽനിന്ന് മുക്തയാകും. അങ്ങനെ സത്യം ചെയ്യാൻ വിസമ്മതിച്ചാൽ ശിക്ഷിക്കപ്പെടും. ലിആൻ ചെയ്ത ദമ്പതികളെ വേർപിരിക്കുന്നതും ശിക്ഷാർഹരെ ശിക്ഷിക്കുന്നതും ഇമാമിന്റെ-ഖാദിയുടെ ചുമതലയാണ്. മറ്റാർക്കും അതിന് അധികാരമില്ല. ലിആൻ നടത്തുന്നത് ഒരു സഭയിലായിരിക്കണമെന്നും പള്ളിയിൽ വെച്ച് നമസ്കാരാനന്തരം നടത്തുന്നതാണ് ഏറെ ഉചിതമെന്നും പണ്ഡിതന്മാർ നിർദേശിച്ചിരിക്കുന്നു. ലിആൻ നടത്തുന്ന രണ്ടു കക്ഷികളെയും സത്യം ചെയ്യുമ്പോൾ ഇമാം അതിന്റെ ഗൗരവം ഉണർത്തുകയും അല്ലാഹുവിനെ ഭയപ്പെടാൻ ഉപദേശിക്കുകയും വേണം. നബി(സ)യുടെ സന്നിധിയിൽ ലിആൻ നടത്താൻ എത്തിയിരുന്നവരെ അദ്ദേഹം 'അല്ലാഹുവിനെ ഭയപ്പെടുക, പാരത്രിക ശിക്ഷയെ അപേക്ഷിച്ച് വളരെ ലഘുവാണ് ഭൗതികശിക്ഷ എന്നോർത്തിരിക്കുക' എന്നുപദേശിക്കാറുണ്ടായിരുന്നതായി ഹദീസുകളിൽ പറയുന്നുണ്ട്.

സ്വന്തം ഇണകളിൽ വ്യഭിചാരം ആരോപിക്കുന്നവർ നീതിമാന്മാരും സത്യസന്ധരുമായിരിക്കണമെന്ന് നിർബന്ധമില്ല. പ്രായപൂർത്തിയും ബുദ്ധിസ്ഥിരതയും ഉള്ളവരായാൽ മാത്രം മതി. ഇവിടെ ഇമാമിനു മുമ്പിൽ നടക്കുന്നത് സാക്ഷികളുടെ മൊഴി നൽകലല്ല. പരാതിക്കാരന്റെ സത്യപ്രസ്താവനയാണ്. പരാതിക്കാരന് സാക്ഷിയുടെ നിബന്ധനകൾ ബാധകമല്ല. പരാതി യഥാർഥമാണെന്ന് സ്വയം സമ്മതിക്കുന്നുവെങ്കിലേ ആരോപിതൻ ശിക്ഷിക്കപ്പെടൂ. ഇല്ലെങ്കിൽ രണ്ടുപേരും ശിക്ഷിക്കപ്പെടുന്നതല്ല. ദാമ്പത്യബന്ധം വേർപ്പെടുക മാത്രമേ ചെയ്യൂ. പരാതിക്കാരൻ പിന്നീട് തന്റെ പരാതി കള്ളമായിരുന്നുവെന്ന് സമ്മതിച്ചാൽ, മറു കക്ഷിക്കും താൽപര്യമുണ്ടെങ്കിൽ അവർക്ക് വീണ്ടും വിവാഹിതരാകാവുന്നതാണ്.

ഭാര്യയുടെ പരപുരുഷബന്ധം ബോധ്യപ്പെട്ടാൽ വിവാഹമോചനത്തിലൂടെയോ 'ലിആനി'ലൂടെയോ ഭർത്താവിന് അവളെ ഒഴിവാക്കാം. ഭർത്താവ് സദാചാര നിഷ്ഠയുള്ളവനാണെങ്കിൽ അതാണ് ചെയ്യേണ്ടതെന്ന് ഖുർആൻ നിർദേശിക്കുന്നു. എന്നാൽ ഒരാൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരുടെ വിവാഹബന്ധം നിയമപരമായി നിലനിൽക്കും. ഒരിക്കൽ ഒരാൾ നബി(സ)യുടെ അടുത്തുവന്ന് ബോധിപ്പിച്ചു: ''തിരുദൂതരേ, എന്റെ ഭാര്യയോട് എനിക്ക് അദമ്യമായ സ്നേഹമാണ്. പക്ഷേ, അവൾ തന്റെ കൈപിടിക്കുന്ന ആരെയും തട്ടിമാറ്റുകയില്ല'' (പരപുരുഷന്മാരുടെ ഇംഗിതത്തിന് വഴങ്ങുന്നു). പ്രവാചകൻ പറഞ്ഞു: ''എങ്കിൽ നിങ്ങൾ അവളെ വിവാഹമോചനം ചെയ്തോളൂ.'' അയാൾ: ''എനിക്ക് അവളെ കൂടാതെ ജീവിക്കാൻ കഴിയില്ല.'' പ്രവാചകൻ: ''എങ്കിൽ നിങ്ങൾ അവളെ കൂടെ പൊറുപ്പിച്ചുകൊള്ളുക.'' ഒരാൾ തന്റെ ഭാര്യ വിവാഹത്തിനുമുമ്പ് അവിഹിത വേഴ്ച നടത്തിയിട്ടുണ്ട് എന്ന് വാദിച്ചുകൊണ്ട് ശപിച്ചുപിരിയൽ ആവശ്യപ്പെടുന്നത് സാധുവല്ല. ശപിച്ചു പിരിയൽ ദമ്പതികൾക്കു മാത്രമുള്ളതാണ്. വിവാഹത്തിനു മുമ്പ് അയാൾ അവളുടെ ഭർത്താവായിരുന്നില്ല. പഴയ കളങ്കം അവൾ പശ്ചാത്താപത്തിലൂടെയും സ്വഭാവ സംസ്കരണത്തിലൂടെയും മായ്ച്ചുകളഞ്ഞിരിക്കുന്നുവെന്നാണ് കരുതേണ്ടത്. അതുപോലെ ഭാര്യയെ വിവാഹമോചനം ചെയ്ത ശേഷം അവളിൽ പരപുരുഷബന്ധമാരോപിച്ച് 'ലിആൻ' ആവശ്യപ്പെടുന്നതും അസാധുവാകുന്നു. വിവാഹമുക്തയായ ഭാര്യയിൽ മുൻ ഭർത്താവ് പരപുരുഷബന്ധം ആരോപിക്കുന്നത് വ്യഭിചാരാരോപണമായി പരിഗണിക്കപ്പെടുകയും നാലു സാക്ഷികളെ ഹാജരാക്കിയില്ലെങ്കിൽ വ്യാജ ആരോപണത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യും.

ലിആനിനു വിധേയയാകുന്ന സ്ത്രീ ഗർഭിണിയാണെങ്കിൽ ലിആൻ കുഞ്ഞിന്റെ പിതൃത്വനിഷേധമാവുകയില്ല. ആ ഗർഭത്തിനുത്തരവാദി താനല്ലെന്ന് അയാൾ പ്രത്യേകം വാദിക്കേണ്ടതുണ്ട്. അയാളുടെ വാദം പരിഗണിക്കാൻ ചില നിബന്ധനകളുണ്ട്: 1) ഭർത്താവുമായി ലൈംഗിക ബന്ധത്തിലേർപ്പെടാതെ ഭാര്യ ഗർഭിണിയാണെന്നു തെളിയുക. 2) ഭർത്താവുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ട് ആറു മാസം തികയും മുമ്പ് അവൾ പൂർണ വളർച്ചയെത്തിയ ശിശുവിനെ പ്രസവിക്കുക. 3) ഭർത്താവുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ട ശേഷം ആർത്തവമുണ്ടായ സ്ത്രീ പിന്നീട് ഗർഭിണിയായതായി കാണുക. ഇത്തരം സാഹചര്യത്തെളിവുകളില്ലെങ്കിൽ പിതൃത്വനിഷേധം പരിഗണനീയമല്ല. പിതൃത്വനിഷേധം ഭാര്യ ഗർഭിണിയായിരിക്കുന്നുവെന്ന് അറിഞ്ഞയുടനെ, അല്ലെങ്കിൽ അവൾ പ്രസവിച്ചതറിഞ്ഞ് രണ്ടോ മൂന്നോ ദിവസത്തിനകം നടത്തേണ്ടതുണ്ട്. കുറേനാൾ സ്വന്തം സന്തതിയായി അംഗീകരിച്ച ശേഷമുള്ള പിതൃത്വനിഷേധം പരിഗണനീയമല്ല. ഭർത്താവ് സാധുവായ രീതിയിൽ പിതൃത്വം നിഷേധിച്ച കുട്ടി അയാളിലേക്ക് ചേർക്കപ്പെടുന്നതല്ല. ആ കുട്ടി മാതാവിലേക്കാണ് ചേർക്കപ്പെടുക. ഭർത്താവിൽനിന്ന് ആ കുട്ടിക്ക് മകൻ എന്ന നിലക്കുള്ള യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മാതാവിൽനിന്നുള്ള പരിചരണത്തിനും ദായധനത്തിനും അവന്നവകാശമുണ്ട്. ഇക്കാലത്ത് ജനിതക പരിശോധനയിലൂടെ പിതൃത്വം സ്ഥിരപ്പെടുത്തുന്ന സാങ്കേതിക വിദ്യ നിലവിൽവന്നിട്ടുള്ളതിനാൽ ഈ പ്രശ്നം ആ സങ്കേതമുപയോഗിച്ച് പരിഹരിക്കാവുന്നതാണ്. 'ലിആൻ' ഗർഭസ്ഥശിശുവിന്റെ പിതൃത്വനിഷേധം അനിവാര്യമാക്കുന്നില്ലെങ്കിലും പിതൃത്വനിഷേധം വിവാഹമോചനത്തെ അല്ലെങ്കിൽ ലിആനെ ആവശ്യപ്പെടുന്നു. ഭാര്യയെ ലിആൻ ചെയ്താലും അവളുടെ ഗർഭത്തിലുള്ളത് സ്വന്തം സന്തതിയാണെന്നു സമ്മതിക്കുന്ന ഭർത്താവ് ആ ശിശുവിന്റെ നിയമപരമായ പിതാവായിരിക്കും. അവന്ന് അയാളുടെ സംരക്ഷണത്തിനും ദായധനത്തിനും അവകാശമുണ്ടായിരിക്കും.

ഭർത്താവ് ഭാര്യക്കെതിരെ ഉന്നയിക്കുന്ന വ്യഭിചാരാരോപണമാണ് 'ലിആൻ' വിഷയത്തിൽ ഫുഖഹാഅ് മുഖ്യമായി ചർച്ച ചെയ്തിട്ടുള്ളത്. തനിക്കെതിരെ വ്യഭിചാരാരോപണം ഉന്നയിക്കുന്ന ഭർത്താവിനെതിരെ ഭാര്യക്ക് ഖാദിയെ സമീപിച്ച് 'ലിആൻ' ആവശ്യപ്പെടാമെന്ന് കർമശാസ്ത്രകാരന്മാർ പറയുന്നുണ്ട്. എന്നാൽ ഭർത്താവിൽ പരസ്ത്രീബന്ധം ആരോപിച്ച് 'ലിആൻ' ആവശ്യപ്പെടാനുള്ള ഭാര്യയുടെ അവകാശം ചർച്ചാവിധേയമായതായി കാണുന്നില്ല. പ്രവാചകന്റെ മുമ്പിൽ അത്തരം കേസുകൾ വരാതിരുന്നതാവാം അതിനു കാരണം. ഭർത്താവിന്റെ പരസ്ത്രീ ബന്ധം കൊടിയ കുറ്റവും ഭാര്യക്ക് മാനഹാനിയുണ്ടാക്കുന്നതുമാണെങ്കിലും ഭാര്യയുടെ പരപുരുഷബന്ധത്തോളം ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്നില്ല എന്നുകാണാം. ഭർത്താവ് ചെലവുകൊടുത്തു സംരക്ഷിക്കുന്നവളാണ് ഭാര്യ. തന്റെ ചെലവും സംരക്ഷണവും അനുഭവിക്കുന്നവൾ ജാരസംസർഗത്തിലൂടെ തന്റേതുമാത്രമായ ശയ്യ അന്യർക്കു പങ്കിടുകയും അവരുടെ സന്തതികളെ സ്വന്തം സന്തതികളുമായി കലർത്തി തന്റെ വംശം മലിനമാക്കുകയും ചെയ്യുകയാണ് ജാരബന്ധത്തിലൂടെ ഭാര്യ ചെയ്യുന്നത്. അവൾ ചെലവിനു കൊടുത്ത് ഭർത്താവിനെ സംരക്ഷിക്കുന്നില്ല. അയാളുടെ അവിഹിതബന്ധം അവളുടെ അഭിമാനത്തിനും ഉത്തമതാൽപര്യത്തിനും ഹാനികരമാണെങ്കിലും അതുമൂലം അവൾക്ക് സാമ്പത്തിക നഷ്ടമുണ്ടാവുകയോ വംശം മലിനപ്പെടുകയോ ചെയ്യുന്നില്ല.

ലിആൻ വിഷയത്തിൽ ഭർത്താവ് വാദിയും ഭാര്യ പ്രതിയും എന്ന മട്ടിലാണ് സൂക്തത്തിന്റെ പൊതുഘടന. ഭാര്യയിൽ വ്യഭിചാരം ആരോപിക്കുന്ന ഭർത്താവ് അക്കാര്യം ഖാദിക്കുമുമ്പിൽ അല്ലാഹുവിനെ സാക്ഷിയാക്കി സത്യംചെയ്യണം. ഭർത്താവിന്റെ പരാതി കള്ളമാണെന്ന് അല്ലാഹുവിനെ സാക്ഷിയാക്കി ഖാദിയുടെ മുമ്പിൽ സത്യംചെയ്താൽ ഭാര്യക്ക് വ്യഭിചാരശിക്ഷയിൽനിന്ന് രക്ഷപ്പെടാം. ഇതാണല്ലോ സൂക്തത്തിന്റെ താൽപര്യം. എന്നാൽ, സൂക്തത്തിലെ وَالَّذِينَ يَرْمُونَ أَزْوَاجَهُمْ (സ്വന്തം ഇണകളിൽ വ്യഭിചാരം ആരോപിക്കുന്നവർ) എന്ന പ്രാരംഭപദങ്ങൾ ഭാര്യയെയും ഭർത്താവിനെയും ഉൾക്കൊള്ളുന്നതാണ്. زوج ഭാര്യയെയും ഭർത്താവിനെയും കുറിക്കുന്ന പദമാണ്. ഖുർആൻ 2:35 ൽ يَا آدَمُ اسْكُنْ أَنْتَ وَزَوْجُكَ الْجَنَّةَ (അല്ലയോ ആദം, താനും തന്റെ ഭാര്യയും ഈ സ്വർഗത്തിൽ വസിച്ചുകൊള്ളുക) എന്ന് ഭാര്യയെ ഉദ്ദേശിച്ചും 58:1-ൽ قَدْ سَمِعَ اللَّهُ قَوْلَ الَّتِي تُجَادِلُكَ فِي زَوْجِهَا (തന്റെ ഭർത്താവിനെക്കുറിച്ച് നിന്നോട് തർക്കിക്കുന്നവളുടെ വർത്തമാനം നാം കേട്ടിരിക്കുന്നു) എന്ന് ഭർത്താവിനെ ഉദ്ദേശിച്ചും زوج ഉപയോഗിച്ചിരിക്കുന്നു. زوج ന്റെ ബഹുവചനമാണ് ازواج. എന്നാൽ زوجة ഭാര്യയെ കുറിക്കാൻ മാത്രമേ ഉപയോഗിക്കൂ. ഇണയും ജോഡിയുമാണ് ഭാഷാർഥത്തിൽ زوج. ഭാര്യയും ഭർത്താവും അതിന്റെ പ്രയോഗാർഥമാണ്. ازواج ന്റെ വിശാലമായ അർഥം പരിഗണിക്കുമ്പോൾ ഭർത്താവിൽ വ്യഭിചാരം ആരോപിച്ച് ഭാര്യക്കും വിവാഹമോചനം ആവശ്യപ്പെടാം. ഭർത്താവിനെ ഖുൽഅ് ചെയ്യാം. അല്ലെങ്കിൽ ഖാദിയുടെ മുമ്പിൽ ചെന്ന് ചട്ടപ്രകാരമുള്ള സത്യപ്രസ്താവനയിലൂടെ ലിആൻ ചെയ്ത് വേർപിരിയാം. ത്വലാഖാണുണ്ടാകുന്നതെങ്കിൽ ത്വലാഖിന്റെ നിയമങ്ങളും ആനുകൂല്യങ്ങളും അവൾക്ക് ലഭിക്കുന്നതാണ്. ഖുൽആണെങ്കിൽ അവൾ ഭർത്താവിന് പ്രതിഫലം നൽകേണ്ടിവരും. ലിആനിൽ ഇരുകക്ഷികൾക്കും സാമ്പത്തിക ബാധ്യതയില്ല.

■